


സംഭാഷണം

ഭൂപതി അബൂബക്കർ ഹാജി

# ജമാഅത്തിന്റെ വളർച്ചയും യാഥാസ്ഥിതികരുടെ എതിർപ്പുകളും

**1946-ൽ** പതിനെട്ടാം വയസ്സിലാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്നത്. ഫാറൂഖ് റൗദത്തുൽ ഉലൂം പ്രിൻസിപ്പലായിരുന്ന അബുസ്സലാഹ് മൗലവി അക്കാലത്ത് കുന്ദമംഗലത്ത് വരാറുണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ കാണുകയും സംസാരിക്കുകയും ചെയ്യും. ഒരിക്കൽ അദ്ദേഹമെന്നോട് *പ്രബോധന*ത്തെക്കുറിച്ച് പറഞ്ഞു: ‘എടയൂരിൽ ഹാജി സാഹിബ് *പ്രബോധനം* എന്ന പേരിലൊരു പത്രം ഇറക്കുന്നുണ്ട്. നല്ല പത്രമാണ്. വാങ്ങി വായിക്കണം.’ അതനുസരിച്ച് ഞാൻ ഹാജി സാഹിബിന്റെ അഡ്രസ്സ് സംഘടിപ്പിച്ച് കത്തെഴുതി. *പ്രബോധന*ത്തിന്റെ ഒരു കോപ്പി അയച്ചുതരണമെന്നു മാത്രമല്ല, രശീതി ബുക്കോ മറ്റോ ഉണ്ടെങ്കിൽ അതും അയച്ചുതരണം; കുറച്ചു വരിക്കാരെ കിട്ടുമെങ്കിൽ ചേർക്കാം എന്നാണ് എഴുതിയത്. ഹാജി സാഹിബ് ഒരു രശീതി ബുക്ക് രജിസ്റ്റർ ചെയ്ത് അയച്ചുതന്നു. അതുപയോഗിച്ച് ഏതാനും ആളുകളെ *പ്രബോധന*ത്തിന് വരിചേർത്തു. *പ്രബോധനം* വായിക്കുകയോ ജമാഅത്തുകാരനാവുകയോ ചെയ്യുന്നതിനു മുമ്പേ *പ്രബോധന*ത്തിന് വരിക്കാരെ ചേർത്തു. *പ്രബോധനം* വായനയിലൂടെയാണ് ജമാഅത്തെ ഇസ്‌ലാമിയെ മനസ്സിലാക്കിയത്. പിന്നീട് നാല് അടിസ്ഥാന സാഹിത്യങ്ങളും വായിച്ചു. *അൽമനാർ, അൽ ബയാൻ* തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ അന്നുണ്ടായിരുന്നു. അതൊന്നും കൃത്യമായി ലഭിച്ചിരുന്നില്ല.

### അബുസ്സ്വലാഹ് മൗലവി

നല്ല പണ്ഡിതനായിരുന്ന അബുസ്സലാഹ് മൗലവി ജമാഅത്തുകാരനായിരുന്നില്ല. ജമാഅത്തിന്റെ സഹയാത്രികനായിരുന്നു. പ്രസ്ഥാനത്തെക്കുറിച്ച് നല്ല മതിപ്പായിരുന്നു അദ്ദേഹത്തിന്. ജമാഅത്ത് വളരണം എന്നാഗ്രഹിച്ചിരുന്നു. ഞങ്ങളൊക്കെ ജമാഅത്ത് പ്രവർത്തകരാകുന്നതിൽ അദ്ദേഹം സന്തോഷിച്ചിരുന്നു. ചേന്ദമംഗല്ലൂർ ഇസ്വ്‌ലാഹിയാ കോളേജിൽ കുറച്ചുകാലം അധ്യാപകനായിരുന്നു അദ്ദേഹം. ജമാഅത്തുകാരനല്ലാത്ത അബുസ്സ്വലാഹ് മൗലവിയാണ് എന്നെ ജമാഅത്തിലെത്തിച്ചത് എന്നുപറയാം.

ഞാൻ പല വിഷയങ്ങളിലും അദ്ദേഹത്തോട് സംശയങ്ങൾ ചോദിക്കാറുണ്ടായിരുന്നു. അവക്കൊക്കെ മറുപടി പറയാനുള്ള പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. അവസാനകാലത്ത് അനന്തരാവകാശത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. കോഴിക്കോട് മൊയ്തീൻ പള്ളിയിൽ വെച്ചായിരുന്നു അത്. അതിനദ്ദേഹം മറുപടി തന്നു. വീട്ടിൽ പോയി കിതാബ് നോക്കിയപ്പോൾ എനിക്കുതന്ന മറുപടിയിൽ പിശകുണ്ടെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഉടനെ ശരിയായ വിധി എനിക്ക് എഴുതി അറിയിച്ചുതന്നു. വിഷയങ്ങൾ നന്നായി പഠിക്കാനും തെറ്റുവന്നാൽ തിരുത്താനും ആർജവം കാണിച്ച മാതൃകാവ്യക്തിത്വമായിരുന്നു അദ്ദേഹം. 1996 ഫെബ്രുവരിയിലാണ് അബുസ്സലാഹ് മൗലവി മരിച്ചത്.

### കുടുംബം, വിദ്യാഭ്യാസം

കച്ചവടക്കാരുടെ കുടുംബമായിരുന്നു ഞങ്ങളുടേത്. പിതാവ് കോയപ്പെരി വഴിവാണിഭക്കാരനായിരുന്നു. ഞാൻ ജമാഅത്തുകാരനാകുന്ന കാലത്ത് വാപ്പക്ക് കച്ചവടമുണ്ടായിരുന്നില്ല. ഇൽമിയ്യായ യോഗ്യതകളും വാപ്പക്കില്ലായിരുന്നു. പക്ഷേ, ഞങ്ങൾ തെറ്റിലേക്ക് പോകില്ല എന്നൊരു വിശ്വാസം വാപ്പക്കുണ്ടായിരുന്നു. ഉമ്മ കുഞ്ഞാമിന ഇവിടത്തെ പുരാതന ശൈഖ് കുടുംബത്തിൽപെട്ടവരായിരുന്നു. കുന്ദമംഗലം പള്ളിയുടെ മുമ്പിലുള്ള ജാറം ഉമ്മയുടെ വാപ്പയുടേതാണ്. പള്ളിയുണ്ടാക്കലായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ദൗത്യം. കൂടത്തായിയിൽ ഒരു പള്ളിപ്പണി നടന്നുകൊണ്ടിരിക്കെയാണ് അദ്ദേഹം മരിച്ചത്. ജ്യേഷ്ഠൻ മൊയ്തീൻ ഹാജിയും കച്ചവടക്കാരനായിരുന്നു.

അക്കാലത്ത് സ്കൂളിൽ രാവിലെ ഓത്തുണ്ടാകുമായിരുന്നു. സ്കൂൾ ആരംഭിക്കുന്നതിനു മുമ്പാണ് ഓത്തുപള്ളി. ഞാൻ രാവിലെ ഓത്തുപള്ളിയിൽ പോകും. കുന്ദമംഗലം എൽ.പി സ്കൂളിലെ ഓത്തുപള്ളിയിലാണ് പോയിരുന്നത്. എന്റെ പെങ്ങളുടെ ഭർത്താവായിരുന്നു സ്കൂളിന്റെ മാനേജർ. അമ്മാവൻ അബൂബക്കർ മുസ്‌ലിയാർ കാരന്തൂർ പള്ളിയിൽ ദർസ് നടത്തിയിരുന്നു. കുറച്ചുദിവസം ആ ദർസിൽ ഓതാൻ പോയി. ഏകദേശം ഒരു കൊല്ലം. *മുതഫർരിദ്, ഉംദ, ഫത്ഹുൽ മുഈൻ* തുടങ്ങിയ കിതാബുകൾ ഓതി. വെള്ളം, ശുദ്ധി, വുദൂഅ്, നമസ്കാരം തുടങ്ങിയ ആരാധനാപരമായ കാര്യങ്ങളാണ് *ഫത്ഹുൽ മുഈനിൽ*നിന്ന് അന്ന് ഓതിയിരുന്നത്. സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ കുറിച്ച ഭാഗങ്ങളൊന്നും കാര്യമായി പഠിക്കില്ല. അതൊക്കെ ആവശ്യമില്ലാത്ത ബാബുകളാണെന്നായിരുന്നു ധാരണ. ‘കിതാബുൽ ബൈഅ്’ (കച്ചവടത്തിന്റെ അധ്യായം) എത്തി

യാൽതന്നെ പഠനം നിർത്തും. ആ അധ്യായം എത്തിയപ്പോൾ അമ്മാവൻ എന്നോട് നിർത്താൻ പറഞ്ഞു. *ഫത്ഹുൽ മുഈൻ* മുഴുവൻ ഓതിയാൽ പള്ളിയിലെ ഇമാമാവാം എന്നതായിരുന്നു അവസ്ഥ.

*ജലാലൈനി* എന്ന തഫ്സീർ അറിവിന് വേണ്ടിയല്ല; തബർറുകിന് വേണ്ടിയാണ് ഓതുക. കൊട്ടപ്പുറത്തുകാരനായ ഒരു ഒ.കെ മുഹമ്മദ് മുസ്‌ലിയാർ ഇവിടെ പള്ളിയിൽ മുദർരിസായിരുന്നു. ഞാൻ കുറച്ചുകാലം അദ്ദേഹത്തിന്റെ അടുത്തു ഓതാൻ പോയിരുന്നു. ജമാഅത്തുകാരനായി അറിയപ്പെടാൻ തുടങ്ങിയ ശേഷമായിരുന്നു ഇത്. പ്രത്യേക തഫ്സീറൊന്നും അവലംബിക്കാതെ തന്നെ ഖുർആന്റെ കുറേ ഭാഗങ്ങൾ അദ്ദേഹത്തിൽനിന്ന് പഠിച്ചു. തുടക്കത്തിലായതിനാൽ ജമാഅത്തിനോട് വലിയ എതിർപ്പൊന്നുമുണ്ടായിരുന്നില്ല. പിന്നെയാണ് എതിർപ്പ് രൂക്ഷമായത്.

## യാഥാസ്ഥിതികരുടെ എതിർപ്പുകൾ

കുന്ദമംഗലത്ത് ഞങ്ങൾ ഒരു ഖുർആൻക്ലാസ് സംഘടിപ്പിച്ചു. പരിപാടിയിലേക്ക് ഞാൻ അമ്മാവനെയും വിളിച്ചു. ആരൊക്കെയാണ് പ്രസംഗിക്കാൻ വരുന്നതെന്ന് അദ്ദേഹം ചോദിച്ചു. മുഹമ്മദലി ഹാജി (ഹാജി സാഹിബ്), പുവ്വാട്ടുപറമ്പ് മുഹമ്മദ് മുസ്‌ലിയാർ (മുഹമ്മദ് അബുസ്സലാഹ് മൗലവി അങ്ങനെയാണ് അന്ന് അറിയപ്പെട്ടിരുന്നത്), ചേന്ദമംഗല്ലൂർ കെ.സി അബ്ദുല്ല മൗലവി, യു.കെ ഇബ്റാഹീം മൗലവി തുടങ്ങിയവരാണ് പ്രസംഗകരെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം വരാമെന്നേറ്റു. പക്ഷേ, പരിപാടി നടക്കേണ്ട ദിവസമായപ്പോഴേക്കും നാട്ടിലാകെ വലിയ വാർത്തയായി. അമ്മാവൻ പരിപാടിക്ക് വന്നില്ല. ജമാഅത്ത് ഇവിടെ വളരുകയാണെന്ന് ആളുകൾ മനസ്സിലാക്കി. ജമാഅത്തിന്റെ വളർച്ച പരമ്പരാഗത സുന്നീ വിഭാഗത്തിൽ കടുത്ത ആശങ്ക സൃഷ്ടിച്ചു. ജമാഅത്തിനെ എങ്ങനെയും തളക്കണമെന്നായി അവരുടെ ചിന്ത.

അക്കാലത്ത് പ്രമുഖ സുന്നീ പണ്ഡിതനും പ്രസംഗകനുമായിരുന്നു പതി അബ്ദുൽഖാദിർ മുസ്‌ലിയാർ. പതി പ്രസംഗിക്കാൻ വരികയെന്നത് വലിയ സംഭവമായിരുന്നു അന്ന്. ദൂരസ്ഥലങ്ങളിൽനിന്നുവരെ മുസ്‌ലിയാക്കന്മാരും പ്രമാണിമാരുമെല്ലാം കേൾക്കാൻ വരും. ഇവിടത്തെ സുന്നികൾ പതിയെ പ്രസംഗിക്കാൻ കൊണ്ടുവന്നു. പതിയുടെ മലബാറിലെ മൂന്നാമത്തെ പ്രസംഗമാണ് കുന്ദമംഗലത്ത് നടന്നത്. ആദ്യത്തേത് മലപ്പുറം ജില്ലയിലെ മോങ്ങത്തും രണ്ടാമത്തേത് മൊറയൂരിലുമായിരുന്നു. മുജാഹിദുകാർ കുറച്ചൊക്കെ ഉള്ള സ്ഥലങ്ങളായിരുന്നു അത്.

കുന്ദമംഗലത്ത് പതി വരുന്ന ദിവസം ഒരു വലിയ ഉത്സവംതന്നെയായിരുന്നു. കോഴിക്കോട്, വയനാട്, മുക്കം തുടങ്ങിയ സ്ഥലങ്ങളിൽനിന്നൊക്കെ നൂറുകണക്കിനാളുകൾ വന്നു. മഗ്‌രിബായപ്പോൾ ഇവിടെ വലിയ ജനസഞ്ചയം തന്നെ ഉണ്ടായി. അന്നവർ ഇറക്കിയ നോട്ടീസിൽ പതിയെ വിശേഷിപ്പിച്ചത് 'കാമിഉൽ മുബ്തദിഈൻ, ഖില്ലുല്ലാഹി അലൽ മുസ്‌ലിമീൻ. പതി അബ്ദുൽ ഖാദിർ മുസ്‌ലിയാർ' എന്നായിരുന്നു. ജമാഅത്ത്-മുജാഹിദുകാർ മുബ്തദ്ഇകളാണെന്ന് സമർഥിക്കാൻ ശ്രമിച്ചുകൊണ്ട് പതി ഗംഭീര പ്രസംഗം ചെയ്തു. ജമാഅത്തുകാർ പിഴച്ചവരാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഈമാൻ കാര്യം കട്ടവർ, മഹാന്മാരെ തള്ളിപ്പറഞ്ഞവർ തുടങ്ങിയവയായിരുന്നു അന്നത്തെ പ്രധാന ആരോപണങ്ങൾ. മൗദൂദി രണ്ടും മൂന്നും നൂറ്റാണ്ടിലെ പണ്ഡിതന്മാരെ തള്ളിപ്പറഞ്ഞവനാണെന്നും പറയും. പിന്നീട്, 'ഖൈറുൽ ഖുറൂനി ഖർനീ, സുമ്മല്ലദീന യലൂനഹും.......' എന്ന ഹദീസ് നീട്ടിച്ചൊല്ലും. ഇതൊക്കെ കേൾക്കുമ്പോഴേക്കും ജനങ്ങൾ പരിഭ്രാന്തരാകും. ജമാഅത്തുകാർ പിഴച്ചവർ തന്നെയെന്നവർ കരുതും. കുന്ദമംഗലത്തെ പതിയുടെ പ്രസംഗത്തിനുശേഷം സംഭവിച്ചതും ഇതുതന്നെയായിരുന്നു. നാട്ടിലെ യാഥാസ്ഥിതികർ ഞങ്ങളെ അകറ്റിനിർത്താൻ തുടങ്ങി. ജമാഅത്ത് പ്രവർത്തകർ അപ്രഖ്യാപിതമായ ഒരു ബഹിഷ്കരണത്തിന് വിധേയരായി. പള്ളിയിൽ ഞങ്ങൾക്ക് പ്രവേശം തടഞ്ഞു. തൊട്ടടുത്ത സ്കൂളിലായിരുന്നു ഞങ്ങൾ നമസ്കരിച്ചിരുന്നത്. ഞങ്ങളുടെ കുടുംബം നാട്ടിൽ തീർത്തും ഒറ്റപ്പെട്ടു. മറ്റു നാലഞ്ച് പ്രവർത്തകരുമുണ്ടായിരുന്നു. അവരും നന്നായി പ്രയാസപ്പെട്ടു. മർഹൂം കുറിയാരി മൊയ്തീൻക്ക, മർഹൂം ബാവ സാഹിബ്, മർഹൂം മേലേടത്ത് മൊയ്തീൻ, മരക്കാർ സാഹിബ്, മൊയ്തു സാഹിബ് തുടങ്ങിയവർ അന്ന് ഏറെ പ്രയാസങ്ങൾ സഹിക്കേണ്ടിവന്നവരാണ്. ബാവാ സാഹിബ് എടപ്പാൾ സ്വദേശിയായിരുന്നു. ബീഡിത്തെറുപ്പായിരുന്നു തൊഴിൽ. ജ്യേഷ്ഠന് അന്ന് ഭൂപതി ബീഡിക്കമ്പനിയുണ്ടായിരുന്നു. അതിലായിരുന്നു അദ്ദേഹത്തിന് ജോലി. ഇവിടെവന്ന ശേഷം പ്രസ്ഥാനത്തെ പഠിച്ച പ്രവർത്തകനായി മാറി. ഇവിടെ നിന്ന് വിവാഹം കഴിച്ചു. കുറച്ചുകാലം വിദേശത്ത് ജോലി ചെയ്തിരുന്നു.

യാഥാസ്ഥിതിക വിഭാഗത്തിന്റെ രൂക്ഷമായ എതിർപ്പുകാരണം ജീവിതം മുന്നോട്ടു നീക്കാൻ തന്നെ വളരെയധികം ബുദ്ധിമുട്ടി. ഇതെല്ലാമറിഞ്ഞ ഹാജി സാഹിബ് ഒരിക്കൽ എന്നോട് പറഞ്ഞു: 'എല്ലാവർക്കും ഭക്ഷണം കഴിക്കാനുണ്ടെങ്കിൽ നിങ്ങളും കഴിക്കുക. ഇല്ലെങ്കിൽ കഴിക്കാതിരിക്കുക. മറ്റുള്ള പ്രവർത്തകർ പട്ടിണി കിടക്കാൻ ഇടവരരുത്.'

എതിർപ്പ് രൂക്ഷമായപ്പോൾ നിലവിലുള്ള ഓഫീസ് ഒഴിഞ്ഞുകൊടുക്കേണ്ടി വന്നു. പിന്നീട് കുട്ടാപ്പു എന്ന അമുസ്‌ലിം പ്രമുഖനാണ് കുന്ദമംഗലത്തുള്ള അദ്ദേഹത്തിന്റെ ചെറിയ കെട്ടിടത്തിന്റെ മുകൾഭാഗത്ത് ഓഫീസ് നടത്താൻ സൗകര്യം തന്നത്. ദീർഘകാലം കെട്ടിടം ഓഫീസായി ഉപയോഗിച്ചിട്ടും ഒരു പൈസപോലും അദ്ദേഹം വാടക വാങ്ങിയില്ല. ആ ഓഫീസിൽ ഹാജിസാഹിബ് ക്ലാസ്സെടുത്തിട്ടുണ്ട്. പിന്നീട് 'ഒരു അണ' ഫണ്ട് ശേഖരിച്ച് സ്വന്തമായി ഓഫീസ് ഉണ്ടാക്കാൻ ശ്രമം തുടങ്ങി. പ്രസ്ഥാന പ്രവർത്തകനായ കുഞ്ഞായുട്ടിക്ക സൗജന്യമായി തന്ന സ്ഥലത്താണ് ഓഫീസ് പണിതത്. ജമാഅത്ത് സ്വന്തമായി നിർമിച്ച കേരളത്തിലെ രണ്ടാമത്തെ കെട്ടിടമായിരുന്നു അത്. ആദ്യത്തേത് എടയൂരിലായിരുന്നു.

ഈ കെട്ടിടത്തിൽ പി.പി കുഞ്ഞിമൊയ്തീൻ മൗലവിയുടെ നേതൃത്വത്തിൽ ഒരു മദ്റസ ആരംഭിച്ചു. ഇസ്സുദ്ദീൻ മൗലവിയാണത് ഉദ്ഘാടനം ചെയ്തത്. പിന്നീട് കാരന്തൂരിലെയും കുന്ദമംഗലത്തെയും പ്രവർത്തകരുടെ ശ്രമത്താൽ മദ്റസക്ക് പ്രത്യേക സ്ഥലവും കെട്ടിടവുമുണ്ടായി.

ജമാഅത്തിലേക്ക് വന്നതുകൊണ്ട് എനിക്ക് കുടുംബത്തിൽനിന്ന് എതിർപ്പുകളൊന്നും നേരിടേണ്ടിവന്നില്ല. ഞാൻ തെരഞ്ഞെടുത്ത വഴി തെറ്റാകില്ല എന്നതായിരുന്നു അവരുടെ വിശ്വാസം. എങ്കിലും ചില ഒറ്റപ്പെട്ട അസ്വസ്ഥതകളൊക്കെ ഉണ്ടായിരുന്നു. അതൊന്നും ഗൗരവപ്പെട്ടതായിരുന്നില്ല. പതി അബ്ദുൽഖാദിർ മുസ്‌ലിയാരുടെ പ്രസംഗം കേട്ടപ്പോൾ വാപ്പയുടെ അനുജൻ അൽപം ബേജാറായി. 'നിങ്ങൾ ഖുനൂത് ഓതുകയില്ലെന്ന് പറയുന്നുണ്ടല്ലോ. അത് ശരിയാണോ' എന്ന് ഒരിക്കൽ എളാപ്പ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: 'ഖുനൂത് ഓതാം, ഓതാതിരിക്കുന്നതിനും വിരോധമില്ല, ഏതായിരുന്നാലും അത് നിർബന്ധകർമമല്ലല്ലോ!' ഇതൊക്കെ ഏതെങ്കിലും ഉസ്താദുമാർ ചോദിച്ചാൽ പറയാൻ പറ്റുമോ എന്നും അദ്ദേഹം ചോദിച്ചു. പറ്റുമെന്ന് ഞാൻ പറഞ്ഞു. സഹോദരന്മാരും കുടുംബാംഗങ്ങളും എല്ലാവിധ സൗകര്യങ്ങളും ചെയ്തുതന്നിട്ടുണ്ട്. ഉമ്മയും ജ്യേഷ്ഠൻ മൊയ്തീനും പ്രസ്ഥാനപ്രവർത്തനത്തിന് നൽകിയ സഹകരണം എടുത്തുപറയേണ്ടതാണ്.

## എതിർപ്പിന്റെ കാരണങ്ങൾ

സുന്നി വിഭാഗത്തിൽനിന്നാണ് ജമാഅത്തിന് ആദ്യഘട്ടത്തിൽ ശക്തമായ എതിർപ്പുകൾ ഉണ്ടായത്. അത് ശത്രുതയിൽനിന്ന് ഉടലെടുത്തതായിരുന്നില്ല എന്നുവേണം കരുതാൻ. ദീൻ പൊളിഞ്ഞുപോകുമോ എന്ന ഭയമായിരിക്കാം അതിനു പിന്നിൽ. ദീനിന്റെ നിലവിലുള്ള രീതി ചോദ്യം ചെയ്യുന്നത് പണ്ഡിതന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല. അവരെങ്ങനെയാണോ പരമ്പരാഗതമായി ദീൻ കൊണ്ടുനടന്നിരുന്നത്, അങ്ങനെത്തന്നെ മുമ്പോട്ടുപോയാൽ മതി എന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. അന്നത്തെ പണ്ഡിതന്മാർക്ക് അവരുടെ നേതൃത്വം നഷ്ടപ്പെടുമോ, സമൂഹത്തിൽ അവരുടെ വില കുറയുമോ, ദീനിന്റെ വക്താക്കൾ അവരല്ലാതാകുമോ എന്ന

ആശങ്കയും ഉണ്ടായിരുന്നു.

ജമാഅത്തിനെ വിമർശിക്കാൻ കാര്യമായി രംഗത്തുണ്ടായിരുന്നവരിലൊരാളായിരുന്നു ഇ.കെ അബൂബക്കർ മുസ്‌ലിയാർ. നല്ല താർക്കിക ബുദ്ധിയുള്ള പണ്ഡിതനായിരുന്നു അദ്ദേഹം. വക്കീലിന്റെ സാമർഥ്യവും ഭംഗിയായി വിഷയം അവതരിപ്പിക്കാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇ.കെ ആദ്യകാലത്ത് വഹാബി ചിന്താഗതിക്കാരനായിരുന്നു. ഇസ്സുദ്ദീൻ മൗലവി സ്ഥാപിച്ച കാസർകോട് ആലിയ കോളേജിൽ അധ്യാപകനായിരുന്നു അദ്ദേഹം. ടി. മുഹമ്മദ് സാഹിബ് ഉൾപ്പെടെയുള്ള പണ്ഡിതന്മാർ അന്നവിടെ അധ്യാപകരായിരുന്നു. പിന്നീടാണ് ഇ.കെ സമസ്തയിലേക്ക് പോകുന്നത്. വഹാബി ചിന്തയിൽനിന്നും മുമ്പോട്ടുപോയി ചില കടന്നവാദങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. അല്ലാഹുവിന്റെ വുജൂദിയ്യത്തും പരാമർശിക്കപ്പെട്ടിരുന്നു. എന്നാൽ ഈ വാദങ്ങൾ പ്രചരിക്കും മുമ്പ് തന്നെ അദ്ദേഹം സമസ്തയുടെ നേതൃത്വത്തിൽ എത്തുകയാണുണ്ടായത്. മതപണ്ഡിതന്മാരുടെ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. ഇ.കെ ഹസൻ മുസ്‌ലിയാർ, ഇ.കെ ഉമർ മുസ്‌ലിയാർ തുടങ്ങിയവർ ആ കുടുംബത്തിലുള്ളവരാണ്. അദ്ദേഹത്തിന്റെ പിതാവ് ഇ.കെ കോയട്ടി മുസ്‌ലിയാർ ആർജവമുള്ള പണ്ഡിതനായിരുന്നു. കോയട്ടി മുസ്‌ലിയാർ ഒരു ഘട്ടത്തിൽ ഇ.കെയെ വീട്ടിൽനിന്ന് പുറത്താക്കിയിരുന്നു. 'തലതിരിഞ്ഞവൻ' എന്നാണ് ഇ.കെയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നത്. പിതാവുമായുള്ള ബന്ധം പിന്നീട് എത്രത്തോളം നന്നായിരുന്നു എന്നറിയില്ല. പാണ്ഡിത്യം ഉണ്ടായിരുന്നെങ്കിലും സൂക്ഷ്മത വേണ്ടത്ര ഉണ്ടായിരുന്നില്ല ഇ.കെക്ക്. എതിരാളികളെ കാഫിറാക്കുന്നതിൽ ഒട്ടും മടിയുണ്ടായിരുന്നില്ല. പ്രസംഗങ്ങളിലൊന്നും ആ വിഷയത്തിൽ സൂക്ഷ്മത പാലിക്കാറില്ലായിരുന്നു. ജമാഅത്തിനെ വിമർശിക്കുമ്പോൾ 'മൗദൂദി, യഹൂദി, ദജ്ജാൽ' എന്ന് കണ്ണ്മുറുക്കിച്ചിമ്മി ഒറ്റ ശ്വാസത്തിൽ പറയും.

ഭിന്നവിരുദ്ധങ്ങളായ ഫത്വകൾ പല വിഷയത്തിലും അദ്ദേഹം നൽകിയിരുന്നു. ത്വലാഖ്, പുതിയ പള്ളികളിൽ ജുമുഅ ആരംഭിക്കൽ തുടങ്ങിയ വിഷയങ്ങളിൽ വയനാട്ടിൽ ഇത്തരം ഫത്വകൾ നൽകിയതായി എനിക്കറിയാം. പണം കൊടുത്തിട്ടാണ് ഇത്തരം ഫത്വകൾ സമ്പാദിച്ചിരുന്നത്. പൈസയില്ലാതെ ഫത്വയില്ല. ഇതെല്ലാവർക്കും അറിയാം. പക്ഷേ, എതിരാളികളെ കാഫിറാക്കാൻ ഇ.കെയെ വേണം താനും. അതാണ് അദ്ദേഹത്തെ നേതൃത്വത്തിൽ ഉറപ്പിച്ചു നിർത്തിയ ഘടകങ്ങളിൽ ഒന്ന്.

## അടിയന്തരാവസ്ഥ

അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയായിരുന്നു ഞാൻ. കോഴിക്കോട്ട് മാത്രമാണന്ന് ജില്ലാസമിതിയുണ്ടായിരുന്നത്. കെ. മൊയ്തു മൗലവി ജില്ലാ നാസിമായിരുന്നു. സമിതിയുടെ ലിസ്റ്റ് എങ്ങനെയോ പോലീസിന് കിട്ടിയിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ലിസ്റ്റിലുള്ളവരെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു.

വെള്ളിയാഴ്ച ഞങ്ങൾ കട തുറക്കാറുണ്ടായിരുന്നില്ല. വയനാട്ടിലേക്ക് ചരക്ക് കയറ്റുന്ന ദിവസമായിരുന്നു. ഞാൻ ചരക്ക് കയറ്റാൻ വേണ്ടി കടയിലിരിക്കുമ്പോൾ പോലീസുകാരൻ വന്ന് എന്നെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുപോയി. എസ്.ഐ അന്വേഷിക്കുന്നുണ്ടെന്നു പറഞ്ഞാണ് വിളിച്ചത്. സ്റ്റേഷനിലെത്തിയപ്പോൾ എസ്.പി കാണണമെന്ന് പറഞ്ഞിട്ടുണ്ടെന്ന് എസ്.ഐ പറഞ്ഞു. മറ്റു പ്രവർത്തകർ ആരൊക്കെയാണെന്ന് ചോദിച്ചു. പടനിലത്തെ പ്രവർത്തകനായിരുന്ന കുഞ്ഞാമുട്ടിക്കയെ ഞാൻ സ്റ്റേഷനിൽനിന്നുതന്നെ ഫോണിൽ വിളിച്ചു. ലക്കി മുഹമ്മദ് ഹാജിയെ വെള്ളിമാടുകുന്നിൽനിന്ന് അറസ്റ്റുചെയ്തു.

പോലീസുകാരിൽ പലർക്കും ഈ അറസ്റ്റ് വെറുതെയാണെന്നറിയാമായിരുന്നു. നാലുദിവസം കോഴിക്കോട് കൺട്രോൾ റൂമിൽ കഴിഞ്ഞു. കാട്ടി ഗോപാലനായിരുന്നു ഡി.വൈ.എസ്.പി. ഞങ്ങളുടെ കൂടെ ആർ.എസ്.എസ്-ജനസംഘം പ്രവർത്തകരുമുണ്ടായിരുന്നു. അറസ്റ്റു ചെയ്തു കഴിഞ്ഞാൽ ഭക്ഷണം തരേണ്ടത് സർക്കാറിന്റെ ബാധ്യതയായിരുന്നു. പക്ഷേ, പോലീസിന് അതിനുള്ള വകുപ്പൊന്നും ഉണ്ടായിരുന്നില്ല. ഭക്ഷണം കിട്ടാതായപ്പോൾ ആർ.എസ്.എസുകാർ ബഹളം വെക്കാൻ തുടങ്ങി. അതു കണ്ട കാട്ടി ഗോപാലൻ അവരോട് ഉറക്കെ വിളിച്ചു ചോദിച്ചു: 'അവിടെ ജമാഅത്തുകാരില്ലേ?' ആർ.എസ്.എസുകാർ ഉണ്ടെന്നു പറഞ്ഞു. 'എങ്കിൽ ജമാഅത്തുകാർ ചോറു തിന്നുമ്പോൾ നിങ്ങൾക്കും കിട്ടും. അടുത്തുള്ളവരെ പട്ടിണിക്കിട്ട് ജമാഅത്തെ ഇസ്‌ലാമിക്കാർ ചോറ് തിന്നില്ല'- ഡി.വൈ.എസ്.പിയുടെ മറുപടി. ജമാഅത്തെ ഇസ്‌ലാമിക്കാരെക്കുറിച്ച് അവർക്കൊക്കെ അറിയാമായിരുന്നു. പോലീസുകാർ ഞങ്ങളോട് പൈസ വാങ്ങി ചോറു വാങ്ങിക്കൊണ്ട് തരുമായിരുന്നു. കൺട്രോൾ റൂമിൽ ഒരു ഹെഡ് കോൺസ്റ്റബ്ൾ ഉണ്ടായിരുന്നു. അയാൾ വളരെ രൂക്ഷമായി ഞങ്ങളെ നോക്കും. ഒന്നും പറയില്ല. നോട്ടം കണ്ടപ്പോൾ അയാളൊരു ജമാഅത്ത് വിരോധിയാണെന്ന് ഞങ്ങൾക്കു തോന്നി. നാലു ദിവസം കഴിഞ്ഞ് ജയിലിലേക്കു പോകുമ്പോൾ ഞാൻ, 'ഹെഡ് കോൺസ്റ്റബിളേ പോകട്ടെ' എന്ന് യാത്രപറഞ്ഞു. 'പൊയ്ക്കൊള്ളൂ, ഇനി ഒരിക്കലും ഇങ്ങോട്ടുവരാൻ ഈശ്വരൻ ഇടവരുത്താതിരിക്കട്ടെ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അതു കേട്ടപ്പോഴാണ് നമ്മെ സ്നേഹിച്ചിരുന്ന ആളായിരുന്നു അദ്ദേഹം എന്ന് മനസ്സിലായത്.

കോഴിക്കോട് പുതിയറ ജയിലിൽ ഒരുമാസം താമസിച്ചു. ജയിലർ ഒതേനൻ നായർ, ജമാഅത്തുകാരെ ഒരുഭാഗത്തും ആർ.എസ്.എസുകാരെ മറുഭാഗത്തുമാക്കിയിട്ട് പറഞ്ഞു: 'നിങ്ങൾ തമ്മിൽ ഇവിടെ പ്രശ്നങ്ങളൊന്നും ഉണ്ടാക്കരുത്. അതൊന്നും നോക്കാൻ എനിക്ക് കഴിയില്ല. ഇതിനുള്ളിൽ അടങ്ങിയൊതുങ്ങി കഴിയണം.' ആർ.എസ്.എസുകാരെയും ജമാഅത്തുകാരെയും പരസ്പരം ശണ്ഠ കൂടിയിട്ടാണ് ജയിലിലടച്ചതെന്നാണ് അദ്ദേഹം കരുതിയിരുന്നത്! ജയിലിൽ പരിമിതമായ ഭക്ഷണമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾക്ക് അതുതന്നെ അധികം. പക്ഷേ, ആർ.എസ്.എസുകാർക്ക് കുറച്ചുഭക്ഷണം കൊണ്ടൊന്നും മതിയാകുമായിരുന്നില്ല. ഞങ്ങൾ ഭക്ഷണം മുഴുവനായി വാങ്ങും. പകുതിമാത്രം കഴിക്കും. ബാക്കി ആർ.എസ്.എസുകാർക്കു കൊടുക്കും. അവർക്കു കിട്ടിയതിനു പുറമെ അതും കൂടി കഴിക്കും. ജയിലിൽവെച്ച് അവരോട് അടുത്തിടപഴകാൻ സാധിച്ചു.

ജയിൽ സൂപ്രണ്ടിന് ജമാഅത്ത് പ്രവർത്തകരോട് വലിയ മതിപ്പായിരുന്നു. നമ്മുടെ സ്വഭാവവും പെരുമാറ്റവും അദ്ദേഹത്തെ ആകർഷിച്ചു. ഓരോ റൂമിലും ഓരോ കുടം വെള്ളം വെച്ചുതന്നു അദ്ദേഹം. വുദൂ എടുക്കാനായിരുന്നു. 'ഇതു നിങ്ങൾക്കു മാത്രമാണ്, മറ്റാർക്കും ഇതുവരെ ജയിലിൽ ഇങ്ങനെയൊന്ന് കൊടുത്തിട്ടില്ല' എന്നും പറഞ്ഞു. 30 ദിവസം ജയിലിൽ കിടന്നു. ചേന്ദമംഗല്ലൂരിലെയും മറ്റും പ്രവർത്തകർ ചേർന്നാണ് പിന്നീട് ജാമ്യത്തിലെടുത്തത്. കെ.സി ഉൾപ്പെടെ 18-ഓളം പ്രവർത്തകർ ഉണ്ടായിരുന്നു ജയിലിൽ. കെ.സി ഞങ്ങളെ ജയിലിൽവെച്ച് തജ്‌വീദ് പഠിപ്പിച്ചിരുന്നു.

ജമാഅത്തെ ഇസ്‌ലാമിയെ ഏതുസമയവും നിരോധിക്കാം, പുസ്തകങ്ങൾ കണ്ടുകെട്ടപ്പെടാം എന്ന ധാരണ പ്രവർത്തകർക്കിടയിലുണ്ടായിരുന്നു. ചേന്ദമംഗല്ലൂരിലെ കെ.ടി.കെ ഹസൻ സാഹിബ് ഒരിക്കൽ എന്നോട് പറഞ്ഞു: 'ജമാഅത്തെ ഇസ്‌ലാമിയുടെ പുസ്തകങ്ങളെല്ലാം വേഗത്തിൽ വായിച്ചു തീർക്കണം. ഗവൺമെന്റ് അവയെല്ലാം നിരോധിക്കാനും കണ്ടുകെട്ടാനും സാധ്യതയുണ്ട്. പിന്നെ അതൊന്നും നമുക്ക് വായിക്കാൻ കഴിയില്ല. നമ്മളൊക്കെ സാഹിത്യങ്ങളായി മാറണം.' സജീവ പ്രസ്ഥാന പ്രവർത്തകനായിരുന്ന കെ.ടി.കെ കോയമ്പത്തൂരിലെ ശൈഖ് അബ്ദുല്ലാ സാഹിബിന്റെ കൂടെയായിരുന്നു കുറേകാലം. ഞങ്ങൾ ഇടക്കിടെ കാണുകയും സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈയടുത്താണ് അദ്ദേഹം മരിച്ചത്. ■

(തുടരും)